# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2418 12.02.2020-ൽ മറുപടിക്ക്**

## കൈത്തറി ഉല്പന്നങ്ങൾ ഉപയോഗിച്ചുള്ള സ്കൂൾ യൂണിഫോം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) കൈത്തറി ഉല്പന്നങ്ങൾ സ്കൂൾ യൂണിഫോമായി വിതരണം ചെയ്തത് വഴി കൈത്തറി മേഖലയിൽ എത്ര അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ നടപ്പിലാക്കിയ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി 4 വർഷം പിന്നിട്ടപ്പോൾ 5760 നെയ്ത്തു തൊഴിലാളികളും 1513 അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. പ്രസ്തുത പദ്ധതി നിലവിൽ വന്നതിന് ശേഷം പ്രതിവർഷം 200 ൽ അധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ഇതുവരെ 124.8 കോടിയോളം രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) 2019-20 വർഷത്തിൽ എത്ര കുട്ടികൾക്ക് സ്കൂൾ യൂണിഫോം പദ്ധതിയിൽ ഉൾപ്പെടുത്തി യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്; | (ബി) 2019-2020 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ ഒന്നു മുതൽ ഏഴാം ക്ലാസ് വരെയും എയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതൽ നാലാം ക്ലാസ് വരെയുമുള്ള 8.5 ലക്ഷം വിദ്യാർത്ഥികൾക്ക് 2 ജോഡി വീതം ആകെ 41.57 ലക്ഷം മീറ്റർ തുണി സ്കൂൾ യൂണിഫോം പദ്ധതിയിൽ ഉൾപ്പെടുത്തി യൂണിഫോമായി വിതരണം ചെയ്യുകയുണ്ടായി. |
| (സി) സ്കൂൾ യൂണിഫോം പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾ ഉല്പാദിപ്പിച്ച ഉല്പന്നങ്ങൾ വിതരണം ചെയ്ത വകയിൽ എത്ര രൂപ കുടിശ്ശിക ഉണ്ട്; വിശദമാക്കാമോ? | (സി) സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിലെ കൈത്തറി സഹകരണസംഘങ്ങൾ ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ വിതരണം ചെയ്ത വകയിൽ ഹാന്റക്സിനും, ഹാൻവീവിനും കൂടി ആകെ 2.64 കോടി രൂപ കുടശ്ശികയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ